കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

1999 ഡിസംബർ 15, ബുധൻ

വാല്യം 109] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

നിയമസഭ 1999 ഡിസംബർ മാസം 15-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ..... ചോദ്യം നമ്പർ 57-ഉം ചോദ്യം നമ്പർ 58-ഉം ഒരേവിഷയമായതിനാൽ അവ രണ്ടും ക്ലബ് ചെയ്ത് എടുക്കാം.

1 (*57) തെങ്ങുകളെ ബാധിച്ച മണ്ഡരി രോഗം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. ജി. കാർത്തികേയൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെങ്ങുകളെ ബാധിച്ച മണ്ഡരിരോഗത്തെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കേരളത്തിൽ എത്ര ശതമാനം തെങ്ങുകളെ ഈ രോഗം ബാധിച്ചിട്ടുണ്ട്; എവിടെയെല്ലാം; ഇതുമൂലം എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) മണ്ഡരി രോഗം ഇല്ലാതാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) മണ്ഡരി രോഗബാധയുടെ കാരണമെന്തെന്നും ശരിയായ പ്രതിവിധി എന്തെന്നും കണ്ടെത്തിയിട്ടുണ്ടോ;

(ഇ) രോഗ വിമുക്തിക്ക് വ്യാപകമായ മരുന്നുതളി ആവശ്യമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് ഗവൺമെന്റിന് ലഭിച്ച വിദഗ്ദ്ധ ഉപദേശത്തിന്റെ വിശദാംശം വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഏതു തരം കീടനാശിനി ഉപയോഗിക്കാനാണ് ശുപാർശ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ജി) മണ്ഡരി രോഗപ്രതിരോധ പ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് കോട്ടം തട്ടാത്തവയാക്കാൻ നിർദ്ദേശം നൽകുമോ;

(എച്ച്) ഈ രോഗം ചെറുക്കാൻ പറ്റിയ കീടനാശിനികളെക്കുറിച്ച് ശാസ്ത്രജ്ഞന്മാർക്കിടയിൽ തർക്കം നിലനിൽക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഐ) മണ്ഡരി രോഗത്തിന് ഏതു കീടനാശിനിയാണ് ഫലപ്രദമെന്ന തർക്കത്തിന് പിന്നിൽ വൻകിട കീടനാശിനി നിർമ്മാതാക്കളുടെ ഇടപെടൽ ഉണ്ടെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ജെ) പ്ലാന്റ് ക്വാറന്റൈൻ നിയമങ്ങൾ കാര്യമായി പാലിക്കാത്തതുമൂലമാണ് മണ്ഡരി രോഗം പടരാൻ കാരണമെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(കെ) മണ്ഡരി രോഗബാധ തടയുന്നതിന് ഗവൺമെന്റ് ഇതുവരെ എത്ര രൂപ ചെലവാക്കി എന്ന് വെളിപ്പെടുത്തുമോ;

(എൽ) ഇതിനായി കേന്ദ്ര ഗവൺമെന്റിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എം) മണ്ഡരിബാധ തടയുന്നതിനുള്ള നടപടികളെക്കുറിച്ച് ഗവൺമെന്റ് കർഷക സംഘടന പ്രതിനിധികളുമായി ചർച്ച ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി ചർച്ച ചെയ്യുവാൻ തയ്യാറാകുമോ;

(എൻ) മണ്ഡരി രോഗബാധ തടയുന്നതിനായി പഞ്ചായത്തുതലത്തിൽ എന്തൊക്കെ ഒരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഒ) കാർഷിക സർവ്വകലാശാല മണ്ഡരി രോഗ പ്രതിരോധത്തിന് ശാസ്ത്രീയമായ ഗവേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതു ഫലപ്രദമാണോ എന്ന് വ്യക്തമാക്കുമോ;

(പി) മണ്ഡരി രോഗ പ്രതിരോധത്തിന് മരുന്ന് സ്പ്രേ ചെയ്യുവാൻ വസ്തു ഉടമകൾക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ക്യു) മണ്ഡരി രോഗംമൂലം വിളനാശം സംഭവിച്ച കേര കർഷകർക്ക് നഷ്ടപരിഹാരം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ആർ) ഈ ഗുരുതരമായ രോഗബാധയെപ്പറ്റിയുള്ള ആശങ്ക അകറ്റുവാനും ഫലപ്രദമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനും രാജ്യത്തെ കാർഷിക ശാസ്ത്രജ്ഞന്മാരുടെ ഒരു വിദഗ്ദ്ധസമിതിയെ നിയോഗിക്കുവാൻ സർക്കാർ തയ്യാറാകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

LIBRARY ARCHIVES Kerala Legislative Assembly

(എ) മണ്ഡരി ഒരു രോഗമല്ല. ഒരു സൂക്ഷ്മ ജീവിബാധയാണ്. ഇതിനെക്കുറിച്ച് കൃഷി വകുപ്പ് വിശദമായ ഫീൽഡ് സർവേ നടത്തി വരുന്നു.

(ബി) കേരളത്തിൽ ഏകദേശം 20.09% തെങ്ങുകൾക്ക് മണ്ഡരിബാധയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പതിനൊന്ന് ജില്ലകളിൽ നിന്നും മണ്ഡരി ബാധ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഷ്ടം കൃത്യമായി തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ.

(സി) മണ്ഡരിബാധ ആദ്യമായി ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിച്ചിരുന്നു. ജനപ്രതിനിധികൾ, ശാസ്ത്രജ്ഞന്മാർ, കൃഷി വകുപ്പുദ്യോഗസ്ഥന്മാർ എന്നിവരുടെ നിരവധി യോഗങ്ങൾ ഇതിനായി സംഘടിപ്പിച്ചിരുന്നു. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ് എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികൾ കൃഷി വകുപ്പു സെക്രട്ടറി, ഡയറക്ടർ അടങ്ങിയ ഒരുന്നതാധികാര സാങ്കേതിക സമിതിയെ നിയോഗിച്ചു. ആദ്യഘട്ടത്തിൽ 374 ഹെക്ടർ സ്ഥലത്ത് മണ്ഡരി നിയന്ത്രിക്കുവാനുള്ള മണ്ഡരിനാശിനി 70462 തെങ്ങുകൾക്ക് തളിച്ചു.

താൽക്കാലികമായി മണ്ഡരിയെ നിയന്ത്രിക്കുവാൻ കഴിഞ്ഞുവെങ്കിലും തുടർന്നുവരുന്ന വേനൽക്കാലത്ത് മണ്ഡരിബാധ മറ്റു ജില്ലകളിലും കണ്ടുതുടങ്ങി. തൃശ്ശൂർ, പാലക്കാട്, എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകളിലായി 27 ലക്ഷത്തിൽപരം തെങ്ങുകൾക്ക് മണ്ഡരിനാശിനി തളിക്കുന്നതിന് കഴിഞ്ഞു. ഇതിനെത്തുടർന്ന് കാർഷിക സർവ്വകലാശാലയും കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രവും കൂട്ടായി നിർദ്ദേശിച്ച രാസ കീടനാശിനിയും ജൈവ കീടനാശിനിയും ഉപയോഗിച്ചുള്ള മണ്ഡരി നിയന്ത്രണം ആരംഭിച്ചും. സംഘടിതമായ മണ്ഡരിനാശിനി തളിക്കുന്നതിന് മരുന്നിന് 3 രൂപയും കയറ്റക്കൂലിയ്ക്കായി 3 രൂപയും കൃഷി വകുപ്പ് നൽകുന്നു. കൂടാതെ 3 രൂപ പഞ്ചായത്തും നൽകുന്നു. ആദ്യഘട്ടത്തിൽ ചെലവാക്കിയ 330 ലക്ഷം രൂപയ്ക്കു പുറമെ 18 കോടി രൂപ കൂടി കൃഷിവകുപ്പ് നൽകിയിട്ടുണ്ട്. അധിക ചെലവിനായി 10 കോടി രൂപ മന്ത്രിസഭ അനുവദിച്ചിട്ടുണ്ട്. മരുന്നുതളിയും മണ്ഡരിബാധയുണ്ടായ തെങ്ങുകളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകുവാനും കേന്ദ്രസഹായം യഥാസമയം ആവശ്യപ്പെട്ടിട്ടുണ്ട്. ജൈവ നിയന്ത്രണ മാർഗ്ഗങ്ങളും മിത്രപ്രാണികളെ വികസിപ്പിച്ചെടുക്കാനുള്ള ശ്രമങ്ങളും തുടരുന്നു.

(ഡി) ഉണ്ട്. മണ്ഡരി രോഗബാധയല്ല. മണ്ഡരി അഥവാ മൈറ്റ്സ് എന്നറിയപ്പെടുന്നതും അസേരിയ ഗറിറോണിസ് എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്നതുമായ സൂക്ഷ്മജീവികൾ മച്ചിങ്ങയുടെ മോടിനുള്ളിൽ ഇരുന്ന് നീരൂറ്റി കുടിക്കുന്നതുമൂലം മച്ചിങ്ങ കൊഴിഞ്ഞുപോകുകയും ആക്രമണം അതിജീവിക്കുന്ന മച്ചിങ്ങകൾ വളരുമ്പോൾ വലിപ്പം കുറഞ്ഞു. കരപ്പൻ മാതിരിയുള്ള പാടുകൾ നിറഞ്ഞതുമാകുന്നു. കേരള കാർഷിക സർവ്വകലാശാല നടത്തിയ പരീക്ഷണങ്ങളിൽ ഡൈക്കോഫോൾ 0.1%, 2% വേപ്പെണ്ണ വെളുത്തുള്ളി, സോപ്പ് മിശ്രിതം എന്നിവ ഇവയെ നിയന്ത്രിക്കുന്നതിന് ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഇ) മണ്ഡരി കീടത്തിനെതിരെ ഫലപ്രദമായ പ്രതിരോധ നടപടികൾ ശുപാർശ ചെയ്യുന്നതിന് കൃഷി വകുപ്പ് സെക്രട്ടറി അധ്യക്ഷനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ കാർഷിക സർവ്വകലാ

LIBRARY ARCHIVES Kerala Legislative Assembly

ശാല, കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം, നാളീകേര വികസന ബോർഡ് എന്നിവയിലെ ശാസ്ത്രജ്ഞരും കൃഷി വകുപ്പ് ഉദ്യോഗസ്ഥന്മാരും അംഗങ്ങളാണ്. ഈ സമിതി രാസകീടനാശിനിയായി 0.1% വീര്യമുള്ള ഡൈക്കോഫോളോ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി-സോപ്പുലായനി മിശ്രിതമോ മണ്ഡരിക്കെതിരെ ഉപയോഗിക്കാവുന്നതാണെന്നും രണ്ടിനും സബ്സിഡിക്ക് അർഹതയുണ്ടെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

(എഫ്) മുകളിൽ പരാമർശിച്ച രാസകീടനാശിനിയോ ജൈവകീടനാശിനിയോ ഉപയോഗിക്കാനാണ് ശുപാർശ ചെയ്തിട്ടുള്ളത്.

(ജി) ശാസ്ത്രജ്ഞരുടെ ഉപദേശപ്രകാരം പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രാസ/ജൈവ മണ്ഡരിനാശിനിയാണ് ശുപാർശ ചെയ്തിട്ടുള്ളത്.

(എച്ച്) ഇല്ല

(ഐ) കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗവൺമെന്റ് ശുപാർശ ചെയ്തിട്ടുള്ളത് പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് നിർമ്മിക്കുന്ന ഫിൽഫോൾ ആണ് ഈ മണ്ഡരിനാശിനി.

(ജെ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ വിവരം ബന്ധപ്പെട്ട ഏജൻസികളുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതാണ്.

(കെ) കഴിഞ്ഞവർഷം 330 ലക്ഷം രൂപയും ഈ വർഷം 18 കോടി രൂപയും അനുവദിച്ചു.

(എൽ) ഉണ്ട്. മണ്ഡരി കീടത്തെ ഫലപ്രദമായി നിയന്ത്രണ വിധേയമാക്കുന്നതിന് മൂന്നു പ്രാവശ്യം മരുന്നുതളി നടത്തേണ്ടതാണ്. ഇതിനായി 195 കോടി രൂപ ആവശ്യമാകുമെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ 100 കോടി രൂപ കേന്ദ്രസഹായമായി തരുവാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

(എം) 9.11.99-ന് തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽവച്ച് കൃഷി വകുപ്പുമന്ത്രി എല്ലാ കർഷക സംഘടനാ പ്രതിനിധികളുമായി മണ്ഡരിബാധ തടയുന്നതിനുവേണ്ട നടപടികളെക്കുറിച്ച് ചർച്ച നടത്തിയിട്ടുണ്ട്.

(എൻ) കേര കർഷകരുടെ വാർഡുതല യോഗങ്ങൾ ചേർന്ന് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ആവശ്യമായ പരിശീലനവും നൽകി വരുന്നു.

(ഒ) ഉണ്ട്. കേരള കാർഷിക സർവകലാശാല നടത്തിയ നിരീക്ഷണങ്ങളിൽ 0.1% വീര്യമുള്ള ഡൈക്കോഫോൾ എന്ന രാസകീടനാശിനിയും 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി സോപ്പ് മിശ്രിതവും ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(പി) മണ്ഡരി കീടബാധയ്ക്കെതിരെ മരുന്നുതളി നടപ്പിലാക്കുന്നതിന് മരുന്നിന്റെ ചെലവും കൂലിചെലവും അടക്കം തെങ്ങൊന്നിന് 6 രൂപ കൃഷി വകുപ്പ് നൽകുന്നതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂലി ചെലവിനായി തെങ്ങൊന്നിന് 3 രൂപയും നൽകുന്നതാണ്.

(ക്യു) കേന്ദ്രസഹായം പ്രതീക്ഷിച്ചുകൊണ്ട് ഒരു പ്രോജക്ട് തയ്യാറാക്കി നൽകുന്നുണ്ട്. കേന്ദ്ര കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലും ഇക്കാര്യം കൊണ്ടുവന്നിട്ടുണ്ട്.

(ആർ) രൂപീകരിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ചെയർമാനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സർവ്വകലാശാലയിലെ പ്രൊഫസർമാരായ ഡോ. മാധവൻ നായർ, ഡോ. തോമസ്, തോട്ടവിള

LIBRARY ARCHIVES Kerala Legislative Assembly

ഗവേഷണ കേന്ദ്രത്തിലെ ഡോ. രാധാകൃഷ്ണൻ നായർ, കാർഷിക സർവ്വകലാശാലയിലെ മുൻ പ്രൊഫസർമാരായ ഡോ. വിശാലാക്ഷി, ഡോ. എബ്രഹാം എന്നിവർ അംഗങ്ങളാണ്.

മി. സ്പീക്കർ : ചോദ്യം വളരെ ലെംഗ്തിയായി പോകുന്നുണ്ട്. അത് ചട്ടപ്രകാരം പാടില്ലാത്തതാണ്. പക്ഷെ ഇതിന്റെ പ്രാധാന്യം വച്ചുകൊണ്ട് അനുവദിച്ചതാണ്.

2 (*53) മണ്ഡരി രോഗനിവാരണത്തിനായി നടപടികൾ

ശ്രീമതി ആർ. ലതാദേവി :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിനെ ബാധിച്ചിട്ടുള്ള മണ്ഡരി രോഗനിവാരണത്തിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത രോഗത്തിന്റെ ആക്രമണം ഏതൊക്കെ ജില്ലകളിലാണ് അധികമായി കണ്ടുവരുന്നതെന്ന് വ്യക്തമാക്കുമോ; ഓരോ ജില്ലയിലും എത്ര ശതമാനം തെങ്ങുകളെ ഈ രോഗം ബാധിച്ചിട്ടുണ്ട്;

(സി) ഈ രോഗം തടയുന്നതിന് ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേന്ദ്രത്തിൽനിന്നും സഹായം അഭ്യർത്ഥിച്ചിച്ചുണ്ടോ; എങ്കിൽ എന്തു തുകയുടെ സഹായം തേടി; ഇതിന് കേന്ദ്രഗവൺമെന്റിൽനിന്നും എന്ത് പ്രതികരണമാണുണ്ടായിട്ടുള്ളത്;

(ഡി) തെങ്ങുകളുടെ സംരക്ഷണത്തിനായി എന്തൊക്കെ പദ്ധതികളാണ് ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന രോഗനിവാരണ പ്രവർത്തനങ്ങൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(എഫ്) മണ്ഡരിരോഗത്തിന് എതിരായി മരുന്നുതളിയ്ക്ക് എന്തു തുകയുടെ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിനായി എന്തു തുകയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്;

(ജി) തെങ്ങുരോഗത്തെ സംബന്ധിച്ചുള്ള എന്തൊക്കെ ഗവേഷണപ്രവർത്തനങ്ങളാണ് കാർഷിക സർവ്വകലാശാലയിൽ നടന്നുവരുന്നതെന്നു വെളിപ്പെടുത്തുമോ;

(എച്ച്) പ്രസ്തുത രോഗത്തിനെതിരായുള്ള ബോധവൽക്കരണം എങ്ങനെ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഐ) ഈ രോഗം ഇതിനുമുമ്പ് എവിടെയെല്ലാം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ

LIBRARY ARCHIVES Kerala Legislative Assembly